# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6    28-10-2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മുന്നാക്കസമുദായ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്
ശ്രീ.പി.ജെ.ജോസഫ്
ശ്രീ.സി.എഫ്.തോമസ്

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ വഴി നൽകി വന്നിരുന്ന അൻപത് കോടി രൂപയുടെ സാമ്പത്തിക സഹായം കഴിഞ്ഞ രണ്ട് വർഷമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ; | (എ) | കോർപ്പറേഷന്റെ 2019-2020 പദ്ധതി വിഹിതം 42 കോടി രൂപയുടേതാണ്. ഈ വർഷം ഇതുവരെ 23.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| 2017-2018 | | | 2018-2019 | | | 2019-2020 | | |
|---|---|---|---|---|---|---|---|---|
| പദ്ധതി വിഹിതം ((ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവായ തുക | പദ്ധതി വിഹിതം ലക്ഷത്തിൽ) | അനുവദിച്ച തുക ലക്ഷത്തിൽ) | ചെലവായ തുക | പദ്ധതി വിഹിതം (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവായ തുക |
| 3200 | 2617 | 260316602 | 4200 | 1260 | 126061791 | 4200 | 1950 | 119590941 |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുന്നാക്ക സമുദായ കോർപ്പറേഷൻ ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരിക്കുന്ന തെന്ന് വ്യക്തമാക്കാമോ; ആയതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികളുടെ വിവാഹ നടത്തിപ്പിലേയ്ക്കായി ഒരു ലക്ഷം രൂപ ധനസഹായം നൽകുന്ന "മംഗല്യ സമുന്നതി" പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ 100 ലക്ഷം രൂപ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | സാമ്പത്തികമായി മുന്നാക്ക സമുദായ കോർപ്പറേഷനെ സർക്കാർ ബുദ്ധിമുട്ടി ക്കുന്നു എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കോർപ്പറേഷൻ ഏറ്റെടുത്ത പദ്ധതികൾ മുടക്കം കൂടാതെ നടക്കുന്നുണ്ടോ എന്നറിയിക്കാമോ; പ്രസ്തുത പദ്ധതികൾക്ക് അധിക സാമ്പത്തിക സഹായം സർക്കാർ നൽകിയിട്ടുണ്ടോ; | (സി) | കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് മുടക്കം കൂടാതെ സാമ്പത്തികസഹായം സർക്കാർ നൽകി വരുന്നു. ഈ സാമ്പത്തിക വർഷം സ്കോളർഷിപ്പ് വിതരണത്തിനായി 5 കോടി രൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട് |
| (ഡി) | ഈ കോർപ്പറേഷന്റെ പ്രധാന വിഭവ സമാഹരണം വ്യക്തമാക്കാമോ; അധിക വിഭവ സമാഹരണത്തിന് എന്തെങ്കിലും പദ്ധതി കോർപ്പറേഷൻ നടപ്പാക്കുന്നുണ്ടോ എന്നറിയി ക്കാമോ? | (ഡി) | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഒരു ഗ്രാന്റ് -ഇൻ-എയ്ഡ് സ്ഥാപനമാണ്. സർക്കാർ നൽകുന്ന ധനസഹായം കൊണ്ട് മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ